**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3651** **26-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാരണം കോഴിക്കോട് ജില്ലയിൽ നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കോവിഡ് നിയന്ത്രണങ്ങൾ കാരണം കോഴിക്കോട് ജില്ലയിലെ വിവിധ കെ.എസ്.ആർ.ടി.സി ഡിപ്പോകളിലായി 34 സർവ്വീസുകൾ താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം സർവ്വീസുകളിൽ ജനോപകാരപ്രദവും, വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾ പുന:ക്രമീകരണത്തിലൂടെ ആരംഭിച്ചിട്ടുണ്ട്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് ഇപ്പോൾ നടത്തി വരുന്നത്. ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും, യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്നതോട്ടുകൂടിയും ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച്, ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ. എ അടക്കമുള്ള ജനപ്രതിനിധികളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും, വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് ട്രിപ്പുകൾ പുന:ക്രമീകരിക്കുകയും, യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ ക്രമീകരിക്കുന്നതിനും, പ്രസ്തുത ക്രമീകരണത്തിനു ശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് അനുവദിക്കുന്നതിനുമാണ് കെ.എസ്.ആർ.ടി.സി ലക്ഷ്യമിടുന്നത്. |
| (ബി) | ജില്ലയിലെ മലയോര മേഖലകളിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകളിലെ ചില | (ബി) | ജില്ലയിലെ മലയോര മേഖലകളിൽ നഷ്ടം സഹിച്ച് കെ.എസ്.ആർ.ടി.സി നിരവധി സർവ്വീസുകൾ |

| | | | |
|---|---|---|---|
| | സമയത്തുള്ള ട്രിപ്പുകൾ യാതൊരു മുന്നറിയിപ്പുമില്ലാതെ റദ്ദാക്കുന്നതു മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | നിലവിൽ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. യാതൊരു മുന്നറിയിപ്പും ഇല്ലാതെ സർവ്വീസുകൾ ക്യാൻസൽ ചെയ്യുന്ന പ്രവണത ഒഴിവാക്കുവാൻ ജില്ലാ പൂൾ സമ്പ്രദായം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത് ഒഴിവായി വരുന്നുണ്ട്. |
| (സി) | ജില്ലയിലെ എല്ലാ വിഭാഗം യാത്രക്കാരും ഒരു പോലെ ആശ്രയിച്ചിരുന്ന രാവിലെ ആറ് മണിക്കുള്ള ബാലുശ്ശേരി-കൊയിലാണ്ടി റെയിൽവേസ്റ്റേഷൻ, രാവിലെ നാലേമുക്കാലിനുള്ള ബാലുശ്ശേരി-കോഴിക്കോട് റെയിൽവേസ്റ്റേഷൻ, രാത്രി പതിനൊന്നിനുള്ള കോഴിക്കോട് റെയിൽവേസ്റ്റേഷൻ-ബാലുശ്ശേരി എന്നീ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ജനോപകരപ്രദമല്ലാത്തതും, ഡീസൽ തുക പോലും ലഭിക്കാത്തതുമായ കെ.എസ്. ആർ.ടി.സി. സർവ്വീസുകൾ നിർത്തിവക്കേണ്ടി വന്നിട്ടുണ്ട്. ഇവ ജനോപകാര പ്രദമായും, വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യകത അനുസരിച്ച് സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുവേണ്ട സാദ്ധ്യതാപഠനം നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ